ഉത്തരം

(എ) ജലവിഭവ വകുപ്പ് ഈ സാമ്പത്തികവർഷം പുതിയ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കോഴിക്കോട് നഗരത്തിലെ ചില പ്രദേശങ്ങളിൽ പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ ഇടുന്നതിനുള്ള നടപടികൾ ജെ. ബി. ഐ. സി. യുടെ സഹായത്തോടെ നടപ്പിലാക്കുന്ന 'കോഴിക്കോട് നഗരത്തിനും പ്രാന്ത പ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി'യിൽ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിവരുന്നതേയുള്ളു.

ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

45 [3298] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ 2004-2005 സാമ്പത്തിക വർഷത്തിൽ ചെറുകിട ജലസേചന വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്തു തുക ചെലവഴിച്ചുവെന്നും 2005-2006 വർഷത്തേക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചെറുകിട ജലസേചന വിഭാഗത്തിൽ 2004-2005 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച തുക:-

2702-01-800-94- P.M.— 34 OC (NP)- 1144 ലക്ഷം രൂപ.
2702-01-800-93- (NP) — 319 ലക്ഷം രൂപ.
2702-01-800-97- (P) — 33.20 ലക്ഷം രൂപ.
2702-01-800-95- (P) — 8.11 ലക്ഷം രൂപ.
2702-01-800-89- (P) NABARD — 166.06 ലക്ഷം രൂപ.
4702-00-101-99- (P) — 751.40 ലക്ഷം രൂപ.
4702-00-101-97- (P) — 49.82 ലക്ഷം രൂപ.
4702-00-101-93- (P) NABARD — 561.20 ലക്ഷം രൂപ.
4702-00-101-92- (P) NABARD — 0.58 ലക്ഷം രൂപ.

GPM. 2/609/2012—12

LIBRARY ARCHIVES Kerala Legislative Assembly

2005-2006-ൽ വകയിരുത്തിയിരിക്കുന്ന തുക

2702-01-800-94- P.M.- 34 O.C (NP)— 300 ലക്ഷം രൂപ.
2702-01-800-93- (NP) — 100 ലക്ഷം രൂപ.
2702-01-800-97- (P)— 180 ലക്ഷം രൂപ.
2702-01-800-95- (P)— 10 ലക്ഷം രൂപ.
2702-01-800-89- (P) NABARD— 200 ലക്ഷം രൂപ.
4702-00-101-99- (P)— 500 ലക്ഷം രൂപ.
4702-00-101-97- (P)— 20 ലക്ഷം രൂപ.
4702-00-101-93- (P) NABARD— 700 ലക്ഷം രൂപ.
4702-00-101-92- (P) NABARD —100 ലക്ഷം രൂപ.

ദേശീയ ജലവികസന ഏജൻസികളുടെ ഗേജിംഗ് ആന്റ് ഡിസ്ചാർജ്ജിംഗ് സെറ്റുകൾ

46 [3299] *ശ്രീ. എം. മുരളി:*
„ *ടി. യു. രാധാകൃഷ്ണൻ:*
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ബി. വിജയകുമാർ:
„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ ജലലഭ്യതയുടെ വിവരങ്ങൾ അറിയുന്നതിനുള്ള ഗേജിംഗ് ആന്റ് ഡിസ്ചാർജ്ജിംഗ് സെറ്റുകൾ ദേശീയ ജലവികസന ഏജൻസി സംസ്ഥാനത്തെ ഏതെല്ലാം വനമേഖലയിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സ്ഥലങ്ങളിൽ ഗേജിംഗ് ആന്റ് ഡിസ്ചാർജ്ജിംഗ് സെറ്റുകൾ സ്ഥാപിച്ചത് വനേതര പ്രവർത്തനത്തിനാണോ അതോ വനത്തിനനുകൂലമായ പ്രവർത്തനത്തിനാണോ എന്ന് വിശദമാക്കുമോ;

(സി) അച്ചൻകോവിലാറിൽ ഗേജിംഗ് നടക്കുന്ന തുറ, അച്ചൻകോവിൽ വനം വകുപ്പ് ആഫീസിൽ നിന്ന് എത്ര അകലെയാണെന്ന് അറിയിക്കുമോ;

(ഡി) കേന്ദ്ര ജലവികസന ഏജൻസി നടത്തുന്ന ഗേജിംഗ് പ്രവർത്തനങ്ങളെപ്പറ്റി ഗവൺമെന്റിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ ജലലഭ്യതയുടെ വിവരങ്ങൾ അറിയുന്നതിന് അച്ചൻകോവിൽ വനമേഖലയിൽ തുറ, വാളയം എന്നിവിടങ്ങളിലും പമ്പയിൽ തേക്ക്തോട് എന്ന സ്ഥലത്തും ദേശീയ ജലവികസന ഏജൻസി ഗേജിംഗ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly